**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **28-02-2023 - ൽ മറുപടിയ്ക്ക്**

**പാറശാല നിയോജകമണ്ഡലത്തിലെ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ പാറശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 016-17 വർഷത്തിൽ പുല്ലച്ചക്കോണം കല്ലുവിള കോളനി(ആര്യംകോട് ഗ്രാമപഞ്ചായത്ത്), വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനി(കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളും 2021-22 വർഷത്തിൽ എ.കെ.ജി കോളനി(കൊല്ലയിൽ ഗ്രാമപഞ്ചായത്ത്), മലഞ്ചൂറ്റ് കോളനി(പാറശ്ശാല ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളും പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് .അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല സെറ്റിൽമെന്റിനെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലേക്ക് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) | പുല്ലച്ചക്കോണം കല്ലുവിള കോളനിയുടെയും വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനിയുടെയും തെന്മല സെറ്റിൽമെന്റിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എ.കെ.ജി കോളനിയുടെയും മലഞ്ചൂറ്റ് കോളനിയുടെയും എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ ഏതൊക്കെ ആദിവാസി ഊരുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന വിശദാംശം നൽകാമോ? | (സി) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല സെറ്റിൽമെന്റിനെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലേക്ക് തെരെഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ